# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1134      05.03.2018 ൽ മറുപടിയ്ക്ക്

## ഓൺലൈൻ വഴിയുള്ള സേവനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിൽ ഏതെല്ലാം സേവനങ്ങളാണ് ഓൺലൈനായി ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(എ)

**1.ഇ-ഡിസ്ട്രിക്ട്**

വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി നൽകി വരുന്നു.

**2.ആർ.ആർ.ഓൺലൈൻ**

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ് ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പുതിയ ഓൺലൈൻ സംവിധാനം നിലവിലുണ്ട്. ഇതിലൂടെ അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്തുവാനും ജില്ല, താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാനും കഴിയും.

**3.ഇ- പെയ്മെന്റ്**

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻ വഴി

ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു ഇ-പെയ്മെന്റ് പ്ലാറ്റ്ഫോം വികസിപ്പിച്ചെടുക്കുക എന്നതാണ് ഇതു കൊണ്ട് ലക്ഷ്യമിടുന്നത്.

**4.സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)**

ഭൂസംബന്ധമായി റവന്യൂ രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

**(ബി)** ഇതിനായി അക്ഷയ കേന്ദ്രങ്ങൾ വഴി അപേക്ഷകൾ സമർപ്പിക്കുമ്പോൾ സർക്കാരിലേക്ക് നൽകേണ്ട ഫീസ് എത്രയെന്ന് വിശദമാക്കുമോ;

**(ബി)** അക്ഷയ കേന്ദ്രങ്ങൾ വഴി സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുന്നതിന് നിലവിൽ 17 രൂപയാണ് ഫീസ്. ഇതിൽ 10 രൂപ അക്ഷയയുടെ സർവ്വീസ് ചാർജ്ജും 5 രൂപ കോർട്ട് ഫീസ്റ്റാമ്പിനുള്ള തുകയും 2 രൂപ സർക്കാരിനുള്ള വിഹിതവുമാണ്. കൂടാതെ, അപേക്ഷയുടെ തൽസ്ഥിതി അറിയുന്നതിന് 2 രൂപയും രേഖകൾ/സർട്ടിഫിക്കറ്റ് സ്കാൻ/പ്രിന്റ് ചെയ്യുന്നതിന് പേജ് ഒന്നിന് 2 രൂപയും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ/ ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നവരെ മതിയായ രേഖകൾ ഹാജരാക്കുന്നപക്ഷം കോർട്ട്ഫീസ്റ്റാമ്പ്/സർക്കാരിനുള്ള വിഹിതം അടയ്ക്കുന്നതിൽ നിന്നും 17.10.2013 ലെ സ.ഉ(കൈ) നം.31/2013/വിസാവ. പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

**(സി)** ഭൂനികുതി അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനമുണ്ടോ; നികുതിദായകന് നേരിട്ട് മൊബൈൽ ഇന്റർനെറ്റ് സംവിധാനം വഴി ഭൂനികുതി

**(സി)** സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ ഓൺലൈൻ വഴി നികുതി ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം

| | |
|---|---|
| അടയ്ക്കുന്നതിനുള്ള സംവിധാനമെങ്ങനെയെന്ന് വ്യക്തമാക്കുമോ? | ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ വെബ് പോർട്ടലിൽ യൂസർ ലോഗിനിലൂടെ മൊബൈൽ വഴി പ്രവേശിച്ച്, നികുതിദായകന്റെ വില്ലേജ് ഓഫീസിലേക്ക് ഓൺലൈൻ റിക്വസ്റ്റ് അയക്കാവുന്നതും, ആദ്യതവണ വില്ലേജ് ഓഫീസറുടെ അംഗീകാരത്തോടെയും, തുടർന്നുള്ള വർഷങ്ങളിൽ നികുതിദായകന് തന്റെ പ്രൊഫൈലിൽനിന്നും നേരിട്ടും നികുതി അടക്കുന്നതിനുള്ള സൗകര്യമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിനായി മൊബൈൽ ആപ്പുകൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ